**മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം**

**സോഷ്യൽ ഓഡിറ്റ് സൊസൈറ്റി കേരള (MGNSASK)**

(തദ്ദേശ സ്വയംഭരണ വകുപ്പ് , കേരള സർക്കാർ)

2-ാം നില, സി.ഡബ്ല്യു.സി.ബിൽഡിംഗ്സ്, എൽ.എം.എസ്.കോമ്പൗണ്ട്, പാളയം,

വികാസ് ഭവൻ (പി.ഒ), തിരുവനന്തപുരം-695033, ഫോൺ നമ്പർ : **0471-2724696**

ഇ-മെയിൽ: keralasocialaudit@gmail.com www.socialaudit.kerala.gov.in


നമ്പർ. 36/എം.ജി.എൻ.എസ്.എ.എസ്.കെ/2024 തീയതി.04.09.2024

# സർക്കുലർ

**സോഷ്യൽ ഓഡിറ്റ് റിസോഴ്സ് പേഴ്സൺസ്,**

വിഷയം: സോഷ്യൽ ഓഡിറ്റ് ഗ്രാമസഭകളുടെ നടത്തിപ്പിനായി വില്ലേജ് റിസോഴ്സ് പേഴ്സൺമാർക്ക് വേതനം അനുവദിക്കുന്നതു -സംബന്ധിച്ച്

സൂചന: സർക്കുലർ നമ്പർ 36/എം.ജി.എൻ.എസ്.എ.എസ്.കെ/2024 തീയതി. 19.08.2024

സോഷ്യൽ ഓഡിറ്റ് ഗ്രാമസഭാ റിപ്പോർട്ടുകൾ തയ്യാറാക്കുന്നതിനും ഗ്രാമസഭാ യോഗങ്ങൾ നടത്തുന്നതിനും മിനിട്ട്സ് തയ്യാറാക്കുന്നതിനും വില്ലേജ് റിസോഴ്സ് പേഴ്സൺമാർക്ക് വേതനം കണക്കാക്കി നൽകുന്നില്ല എന്ന കാര്യം സോഷ്യൽ ഓഡിറ്റ് യൂണിറ്റിന്റെ ശ്രദ്ധയിൽപ്പെടുകയുണ്ടായി. വർക്ക് സ്റ്റഡി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ വേതനം കണക്കാക്കുന്നതിന് മാനദണ്ഡം നിശ്ചയിച്ചുകൊണ്ട് സൂചനപ്രകാരം ഉത്തരവ് പുറപ്പെടുവിച്ചത് ഫയൽ വെരിഫിക്കേഷൻ, ഫീൽഡ് വെരിഫിക്കേഷൻ എന്നീ പ്രവർത്തനങ്ങൾക്കു മാത്രമാണ്. എന്നാൽ പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഗ്രാമസഭ റിപ്പോർട്ട് തയ്യാറാക്കൽ, യോഗം നടത്തിപ്പ് എന്നീ പ്രവർത്തനങ്ങൾക്ക് വി.ആർ.പി.മാർക്ക് നൽകി വന്നിരുന്ന അർഹമായ വേതനം ചില ബ്ലോക്ക് റിസോഴ്സ് പേഴ്സൺമാർ നൽകുന്നില്ലയെന്ന കാര്യം എസ്.എ.യുവിന്റെ ശ്രദ്ധയിൽപ്പെടുകയുണ്ടായി.

ഗ്രാമസഭാ റിപ്പോർട്ട് തയ്യാറാക്കൽ, സംഘാടനം, നടത്തിപ്പ്, മിനിട്ട്സ് തയ്യാറാക്കൽ എന്നീ ചുമതലകൾ നിർവ്വഹിക്കുന്നതിന് ഒരു ഗ്രാമസഭയ്ക്ക് ഒരു പ്രവൃത്തിദിനം എന്ന് കണക്കാക്കി ഒരുദിവസത്തെ വേതനമായ 600/-(അറുനൂറ് രൂപ) വില്ലേജ് റിസോഴ്സ് പേഴ്സൺമാർക്ക് കണക്കാക്കി നൽകേണ്ടതാണ് (രണ്ട്പേർ ചേർന്നാണ് നടത്തുന്നതെങ്കിലും ഒരു ഗ്രാമസഭയ്ക്ക് ഒരു ദിവസത്തെ വേതനം). എന്നാൽ എക്സിറ്റ് മീറ്റിംഗ്, പബ്ലിക് ഹിയറിംഗ് എന്നീ പ്രവർത്തനങ്ങൾക്ക് അതത് പഞ്ചായത്തിലെ നോഡൽ വില്ലേജ് റിസോഴ്സ് പേഴ്സണ് മാത്രമേ ഓരോന്നിനും ഓരോ പ്രവൃത്തി ദിനം കണക്കാക്കി വേതനം നൽകുവാൻ പാടുള്ളവെന്ന കാര്യവും അറിയിക്കുന്നു. അതുപോലെ തന്നെ ഫയൽ വെരിഫിക്കേഷൻ നോട്ട്, ഓഡിറ്റ് നോട്ട് എന്നിവ തയ്യാറാക്കുന്നതിന് ബ്ലോക്ക് റിസോഴ്സ് പേഴ്സന്റെ നേതൃത്വത്തിൽ ഒരുടീമായി വില്ലേജ് റിസോഴ്സ് പേഴ്സൺമാർ ഒന്നിച്ചിരുന്ന് തയ്യാറാക്കേണ്ടതാണ് എന്ന കാര്യവും അറിയിക്കുന്നു. ഇക്കാര്യങ്ങൾ ബ്ലോക്ക് റിസോഴ്സ് പേഴ്സൺമാർ ഉറപ്പാക്കേണ്ടതാണ്.

വിശ്വസ്തതയോടെ,

**ഡോ.എൻ. രമാകാന്തൻ**
ഡയറക്ടർ

കോപ്പി:

1. എല്ലാ ജില്ലാ റിസോഴ്സ്പേഴ്സൺമാർക്കും
2. എല്ലാ ബ്ലോക്ക് റിസോഴ്സ് പേഴ്സൺമാർക്കും
3. എല്ലാ വി.ആർ.പി.മാർക്കും (ബി.ആർ.പി.മുഖേന)
4. അക്കൗണ്ട്സ് സെക്ഷൻ, എസ്.എ.യു